**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1806** **29-09-2025 - ൽ മറുപടിയ്ക്ക്**

**കോളേജ് അദ്ധ്യാപക തസ്തികകളുടെ പുന:ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു. എ. ലത്തീഫ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. ഉബൈദുള്ള | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോളേജ് അദ്ധ്യാപകരുടെ ജോലിഭാരം അവലോകനം ചെയ്ത് തസ്തികകളുടെ എണ്ണം പുന:ക്രമീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നാല് വർഷ ബിരുദ കോഴ്സ് ആരംഭിച്ചതിന്റെ പശ്ചാത്തലത്തിൽ 29.06.2024 ലെ സ.ഉ(സാധാ) നമ്പർ 770/2024/HEDN പ്രകാരം സർക്കാർ/ എയ്ഡഡ് കോളേജ് അധ്യാപകരുടെ നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും തസ്തികകളും തൽസ്ഥിതി നിലനിർത്തി ലോക്ക് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | തസ്തികകളുടെ പുന:ക്രമീകരണപ്രകാരം അദ്ധ്യാപക തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | യുജിസി മാനദണ്ഡപ്രകാരം എം.ഫിൽ നിർത്തലാക്കിയപ്പോഴും പി.ജി. കോഴ്സുകൾക്ക് നൽകിയിരുന്ന അധിക വെയിറ്റേജ് ഒഴിവാക്കി ഉത്തരവായതിനാലും 16 മണിക്കൂർ മതിയായ വർക്ക് ലോഡ് ഇല്ലാത്ത വിവിധ അദ്ധ്യാപക തസ്തികകൾ നിലനിൽക്കുന്നതിനായി കണ്ടെത്തിയിരുന്നു. അധിക തസ്തികയ്ക്ക് ഉപരിയായി ഒഴിവ് വരാത്ത വിഷയങ്ങളിൽ 01.06.2020 ന് ശേഷം പി.എസ്.സിയിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. സർക്കാർ നിർദ്ദേശമനുസരിച്ച് 25.08.2025 ലെ DCETVM/4822/2025-B2 നമ്പർ ഉത്തരവ് പ്രകാരം അധിക തസ്തിക നില നിന്നിരുന്ന കോളേജുകളിൽ നിന്നും വടക്കൻ പറവൂർ കേസരി ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലേയ്ക്ക് കോമേഴ്സ്, ജേർണലിസം, മാത്തമാറ്റിക്സ്, മലയാളം എന്നീ വിഷയങ്ങളിൽ ഓരോ തസ്തികയും വയനാട് സർക്കാർ മോഡൽ ഡിഗ്രി കോളേജിലേയ്ക്ക് ജോഗ്രഫി, സൈക്കോളജി, കോമേഴ്സ് എന്നീ വിഷയങ്ങളിൽ ഓരോ തസ്തികയും ഇംഗ്ലീഷ്, മലയാളം എന്നീ വിഷയങ്ങളിൽ രണ്ട് തസ്തികകളും പുനർ വിന്യസിച്ച് ഉത്തരവായിരുന്നു. ഇപ്രകാരം 11 തസ്തികകൾ പുനർവിന്യസിച്ചിട്ടുണ്ട്. അധിക തസ്തിക നിലനിന്നിരുന്ന കോളേജുകളിൽ നിന്നും തസ്തിക |

| | | | |
|---|---|---|---|
| | | | ആവശ്യമുള്ള കോളേജിലേക്ക് പോസ്റ്റ് ഷിഫ്റ്റ് ചെയ്യുകയാണ് ഉണ്ടായത്. |

സെക്ഷൻ ഓഫീസർ